(ബി) ഇല്ല.

(സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇക്കാര്യത്തിൽ യാതൊരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലില്ല.

കർഷകത്തൊഴിലാളികളുടെ മിനിമം വേജസ്

*108 [110] ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളികളുടെ കുറഞ്ഞ കൂലി അവസാനമായി എന്നാണ് പുതുക്കി പ്രഖ്യാപിച്ചത്;

(ബി) ഒരു പ്രാവശ്യം പുതുക്കി പ്രഖ്യാപിച്ചു കഴിഞ്ഞാൽ എത്ര വർഷം കഴിഞ്ഞാണ് വീണ്ടും പുതുക്കി പ്രഖ്യാപിക്കുന്നത്;

(സി) ഇപ്പോഴും കർഷകത്തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി പ്രഖ്യാപിക്കേണ്ട സമയം കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 24-5-1984-ൽ.

(ബി) 5 വർഷത്തെ കാലാവധിക്കുള്ളിൽ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റൂറൽ ഡവലപ്പ്മെന്റിനു് ഡയറക്ടറേറ്റ്

* 109 [111] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഡവലപ്പ്മെന്റ് ഒരു പ്രത്യേക ഡയറക്ടറേറ്റ് ആക്കുന്നതിനുള്ള നടപടി ഇപ്പോഴും പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള തടസ്സമെന്താണ്;

(സി) തടസ്സം നീക്കി പ്രത്യേകം ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഗ്രാമ വികസനവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ, ബി, സി) ഗ്രാമ വികസനത്തിനു് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന പ്രശ്നം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly